# COLLEGE OF ENGINEERING ARANMULA

(Under the Co-operative Academy of Professional Education, Estd. by Govt. of Kerala)
ARANMULA P.O, PATHANAMTHITTA-689533 0468 –2319131
Email: principal@cearamula.ac.in Website: www.cearanmula.ac.in


AEC/General- 279/2026 ആറന്മുള, തീയതി: 21/04/2026

## അറിയിപ്പ്

സഹകരണ വകുപ്പിന് കീഴിലുള്ള കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറന്മുളയിലേക്ക് കരാർ അടിസ്ഥാനത്തിൽ ക്യാന്റീൻ നടത്തുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. മുൻ പരിചയമുള്ള വ്യക്തികൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവർ സീൽഡ് ക്വട്ടേഷനുകൾ 30/04/2026, 2.00 മണിക്ക് മുൻപ് കോളജ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ്/ ഓഫീസ് സന്ദർശിക്കുക.

Contact Number 9744154574

പ്രിൻസിപ്പൽ

COLLEGE OF ENGINEERING CAPE ARANMULA

# കരാർ വ്യവസ്ഥകൾ

1. ഭക്ഷണ പദാർത്ഥങ്ങൾ ഏറ്റവും ഉയർന്ന ഗുണനിലവാരത്തിൽ നൽകേണ്ടതാണ്. ഇവ ക്യാന്റീൻ കമ്മിറ്റി അംഗങ്ങൾക്ക് ഏതുസമയത്തും പരിശോധിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

2. ഭക്ഷണ പദാർത്ഥങ്ങൾ ഏറ്റവും കുറഞ്ഞനിരക്കിൽ രേഖപ്പെടുത്തിയത് കൊണ്ട് മാത്രം ക്യാന്റീൻ നടത്തുവാനുള്ള അനുമതി ലഭിക്കുകയില്ല. ക്വട്ടേഷനുകൾ ക്യാന്റീൻ കമ്മിറ്റിയുടെ അന്തിമതീരുമാനത്തിന് വിധേയമായിരിക്കും.

3. വിലവിവര പട്ടിക ക്യാന്റീനിൽ പ്രദർശിപ്പിക്കേണ്ടതാണ് .

4. ബന്ധപ്പെട്ട Food & Safety വിഭാഗത്തിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും ആവശ്യമായ Health Card ഉൾപ്പെടെയുള്ള ലൈസൻസുകൾ /സർട്ടിഫിക്കറ്റുകൾ, നിയമ പരമായ മറ്റു കാര്യങ്ങൾ എന്നിവ ക്വട്ടേഷൻ ലഭിക്കുന്നയാൾ/ സ്ഥാപനം വാങ്ങിയിരിക്കേണ്ടതാണ്.

5. ക്യാന്റീൻ നടത്തുവാൻ അനുവാദം ലഭിക്കുന്നയാൾ/സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 5,000/- രൂപ കോളേജ് ഓഫീസിൽ അടയ്ക്കണം.

6. ക്യാന്റീൻ സംബന്ധമായി കോളേജിന് പുറത്ത് (പഞ്ചായത്ത്/ ഹെൽത്ത്) നിന്നുള്ള നടപടികൾക്ക് കോളേജ് ഉത്തരവാദികൾ ആയിരിക്കുന്നതല്ല.

7. കരാറുകാരൻ എല്ലാ മാസവും 10-)o തീയതിക്ക് മുൻപായി വാടകയിനത്തിൽ 2000/-രൂപ കോളേജ് ഓഫീസിൽ അടയ്ക്കേണ്ടതാണ്. വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവ കോളേജ് വഹിക്കുന്നതാണ് .

8. ക്യാന്റീൻ എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 8 മണി മുതൽ വൈകുന്നേരം 4.30 വരെ പ്രവർത്തിക്കേണ്ടതാണ്.

9. ക്യാന്റീൻ പ്രവർത്തനത്തിന്റെ തയ്യാറെടുപ്പിനുവേണ്ടി ക്യാന്റീൻ ജീവനക്കാർക്ക് രാവിലെ 5 മുതൽ വൈകുന്നേരം 7 മണി വരെ മാത്രമേ ക്യാമ്പസ്സിൽ പ്രവേശനം അനുവാദമുള്ളൂ. കൂടുതൽ സമയം ആവശ്യമുള്ള സന്ദർഭങ്ങളിൽ പ്രിൻസിപ്പലിന്റെ അനുമതി വാങ്ങേണ്ടതാണ്.

10. ക്യാന്റീനിലെ നിലവിലുള്ള സൗകര്യങ്ങളിൽ മാറ്റം വരുത്തുന്നുണ്ടെങ്കിൽ കോളേജ് പ്രിൻസിപ്പലിന്റെ മുൻകൂർ അനുമതി വാങ്ങിയതിന് ശേഷം കരാറുകാരൻ സ്വന്തം ചെലവിൽ നിർവഹിക്കേണ്ടതാണ്.

11. അടുക്കള, മേശകൾ, വാഷ് ബേസിൻ, വാട്ടർ ടാങ്ക്, ക്യാന്റീൻ ഹാൾ, പരിസരങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കേണ്ടതും എല്ലാ ദിവസവും ക്ലീൻ ചെയ്യേണ്ടതുമാണ്.

12. ഖര ദ്രവ്യ മാലിന്യനിർമാർജനം എല്ലാ ദിവസവും സ്വന്തം ചിലവിൽ നിർവഹിക്കേണ്ടതാണ് .

13. ക്യാന്റീൻ നടത്തിപ്പിനിടയിൽ കോളേജിന്റേതായ വസ്തുവകകൾക്കു എന്തെങ്കിലും തരത്തിൽ നാശനഷ്ടം സംഭവിച്ചാൽ ആയതിന്റെ പൂർണ്ണ

COLLEGE OF ENGINEERING
CAPE
ARANMULA

ഉത്തരവാദിത്തം ക്യാന്റീൻ നടത്തുന്ന വ്യക്തി/ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും.

14. കോളേജ് നിർദ്ദേശിക്കുന്ന ദിവസ മെനു ക്യാന്റീൻ നടത്തിപ്പുകാർ കൃത്യമായി പാലിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഹോസ്റ്റലിൽ food supply ചെയ്യാൻ തയ്യാറാകേണ്ടതാണ് .

15. ഭക്ഷണത്തിന്റെ ഗുണനിലവാരവും രുചിയും സേവന നിലവാരവും വിലയിരുത്തി തൃപ്തികരമല്ലെങ്കിൽ ഉടൻ തന്നെ കരാർ അവസാനിപ്പിച്ച് തൊട്ടടുത്ത കരാറുകാരനെ ഏല്പിക്കുന്നതാണ്. ഇതിനുള്ള അധികാരം കോളേജ് പ്രിൻസിപ്പാളിന് ഉണ്ടായിരിക്കുന്നതാണ്.

16. കോളേജിന്റെ പ്രവർത്തിദിവസങ്ങളിലും, കോളേജ് അധികാരികൾ ആവശ്യപ്പെടുന്ന മറ്റ് ദിവസങ്ങളിലും ക്യാന്റീൻ തുറന്നു പ്രവർത്തി പ്പിക്കേണ്ടതാണ്.

17. എല്ലാ ദിവസവും ക്യാന്റീൻ പ്രവർത്തനസമയത്ത് ചായയും പലഹാരങ്ങളും (ലഘു) ലഭ്യമാക്കുന്നതിന് വേണ്ടി ഒരു Cafeteria സജ്ജമാക്കണം

18. പ്രിൻസിപ്പാലുമായി കരാർ ഒപ്പ് വയ്ക്കുന്ന വ്യക്തി/സ്ഥാപനം ക്യാന്റീൻ നടത്തുവാനുള്ള അധികാരം മറ്റ് പാർട്ടിക്ക് സബ്കോൺട്രാക്റ്റ് കൊടുക്കുവാൻ അനുവദിക്കുന്നതല്ല.

19. ക്യാന്റീൻ നടത്തുവാൻ അനുവാദം ലഭിക്കുന്ന വ്യക്തി/സ്ഥാപനം മുകളിൽ പറഞ്ഞ നിബന്ധനകൾ ഉൾപ്പെടുത്തി 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രിൻസിപ്പാളുമായി കരാർ ഒപ്പ് വെയ്ക്കേണ്ടതാണ്. കരാർ കാലാവധി ഒരു വർഷത്തേക്ക് മാത്രമായിരിക്കും. കരാറിലെ നിബന്ധനകളിൽ മാറ്റം വരുത്തുന്നതിന് പ്രിൻസിപ്പാളിന് പൂർണ്ണ അധികാരം ഉണ്ടായി രിക്കുന്നതാണ്.

(ഒപ്പ്)

COLLEGE OF ENGINEERING * ARANMULA * CAPE

**പ്രിൻസിപ്പൽ**

പകർപ്പ് :

1. ഗ്രാമ പഞ്ചായത്ത് ഓഫീസ് ആറന്മുള
2. ഗ്രാമ പഞ്ചായത്ത് ഓഫീസ് മലപ്പുഴശ്ശേരി
3. ഗ്രാമ പഞ്ചായത്ത് ഓഫീസ് കോഴഞ്ചേരി
4. വില്ലേജ് ഓഫീസ് ആറന്മുള
5. കോളേജ് നോട്ടീസ് ബോർഡ്
6. കോളേജ് വെബ്സൈറ്റ്

# ക്വട്ടേഷൻ നോട്ടീസ്

കേരള സർക്കാരിന്റെ സഹകരണ വകുപ്പിന് കീഴിലുള്ള ആറന്മുള എഞ്ചിനീയറിംഗ്, കോളേജിലേക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി കോളേജിലെ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും കൂടാതെ കോളേജിലെത്തുന്ന അതിഥികൾക്കും ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനായി കരാർ അടിസ്ഥാനത്തിൽ 2026-27 അധ്യയന വർഷത്തേക്ക് കാന്റീൻ നടത്തിക്കൊണ്ടു പോകുന്നതിനു താഴെ പറയുന്ന ഭക്ഷണ സാധനങ്ങളുടെ മിതമായ നിരക്കിലുള്ള മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | ഇനം | അളവുകൾ | വിലവിവരം |
|---|---|---|---|
| 1 | ചായ | 150ml | |
| 2 | കോഫി | 150ml | |
| 3 | കട്ടൻ ചായ | 150ml | |
| 4 | ദോശ (സാമ്പാർ /ചട്നി ) | 100g | |
| 5 | ഇഡ്ഡലി (സാമ്പാർ /ചട്നി ) | 100g | |
| 6 | പുട്ട് | 100g | |
| 7 | അപ്പം | 100g | |
| 8 | ഇടിയപ്പം | 100g | |
| 9 | പൂരി | 100g | |
| 10 | ചപ്പാത്തി | 1എണ്ണം | |
| 11 | പൊറോട്ട | 100g | |
| 12 | ഉഴുന്നുവട | 80g | |
| 13 | പരിപ്പ് വട | 80g | |
| 14 | പഴംപൊരി | 80g | |
| 15 | ഉള്ളിവട | 80g | |

COLLEGE OF ENGINEERING
CAPE
ARANMULA

| | | | |
|---|---|---|---|
| 16 | നെയ്യപ്പം | 80g | |
| 17 | കട് ലറ്റ് | 80g | |
| 18 | പഫ്സ് | 80g | |
| 19 | ഇലയട | 1 എണ്ണം | |
| 20 | നെയ്റോസ്റ്റ് | 125g | |
| 21 | മസാല ദോശ | 150g | |
| 22 | ഊണ് (സാമ്പാർ /പരിപ്പ് ഏതെങ്കിലും ഒന്ന് ) പുളിശ്ശേരി, മോര്, രസം (ഏതെങ്കിലും രണ്ടെണ്ണം) തൊട്ടുകറി,അവിയൽ /തീയൽ,തോരൻ / പച്ചടി/അച്ചാർ,പപ്പടം | ചോറ് 450g | |
| 23 | മീൻകറി | 125g | |
| 24 | മീൻ വറുത്തത് | 75g | |
| 25 | ബീഫ് കറി | 150g | |
| 26 | ബീഫ് ഫ്രൈ | 150g | |
| 27 | ചിക്കൻ കറി | 150g | |
| 28 | ചിക്കൻ ഫ്രൈ | 150g | |
| 29 | മുട്ട കറി (കോഴി ) | 1 എണ്ണം | |
| 30 | മുട്ട കറി (താറാവ് ) | 1 എണ്ണം | |
| 31 | ഓംലറ്റ് (കോഴി ) | 1 എണ്ണം | |
| 32 | ഓംലറ്റ് (താറാവ് ) | 1 എണ്ണം | |
| 33 | കടല കറി | 120g | |
| 34 | ഗ്രീൻ പീസ് കറി | 120g | |
| 35 | വെജിറ്റബിൾ കറി | 120g | |
| 36 | ബിരിയാണി (ചിക്കൻ ) | ചോറ് 450g | |
| 37 | ബിരിയാണി (വെജിറ്റബിൾ ) | ചോറ് 450g | |

COLLEGE OF ENGINEERIN
CAPE

| | | | |
|---|---|---|---|
| 38 | നാരങ്ങാ വെള്ളം | 300ml | |
| 39 | ശീതള പാനീയങ്ങൾ | 300ml | |
| 40 | ഐസ് ക്രീം | 150g | |

ക്വട്ടേഷൻ സമർപ്പിക്കുന്ന

വ്യക്തിയുടെ പേരും വിലാസവും :

പ്രിൻസിപ്പൽ

കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറന്മുള

ആറന്മുള പി ഒ , പത്തനംതിട്ട– 689533

COLLEGE OF ENGINEERING CAPE ARANMULA

# ക്യാന്റീൻ ദിവസ മെനു

Break fast– ദോശ,ഇഡലി,പുട്ട് ,അപ്പം,ഇടിയപ്പം,പൂരി,ചപ്പാത്തി,പൊറോട്ട
(ഏതെങ്കിലും 2 എണ്ണം)

**കറികൾ** – സാമ്പാർ/ചട്നി, കടല കറി,മുട്ട കറി, ഗ്രീൻ പീസ് കറി
(ഏതെങ്കിലും 2എണ്ണം)

Lunch– ഊണ് (സാമ്പാർ/പരിപ്പ് ഏതെങ്കിലും ഒന്ന് ) പുളിശ്ശേരി, മോര്, രസം (ഏതെങ്കിലും രണ്ടെണ്ണം), തൊടുകറി, അവിയൽ/ തീയൽ, തോരൻ/ പച്ചടി/അച്ചാർ, പപ്പടം)

മീൻ കറി /ബീഫ് കറി /ചിക്കൻ കറി (ഇവയിൽ ഏതെങ്കിലും ഒന്ന് )

**വെള്ളിയാഴ്ച** – ബിരിയാണി (ചിക്കൻ /വെജിറ്റബിൾ)

ഊണ് (സാമ്പാർ /പരിപ്പ് ഏതെങ്കിലും ഒന്ന് ) പുളിശ്ശേരി, മോര്,രസം (ഏതെങ്കിലും രണ്ടെണ്ണം)തൊടുകറി,അവിയൽ /തീയൽ,തോരൻ/പച്ചടി/അച്ചാർ,പപ്പടം)

Snacks : ഉഴുന്ന് വട, പരിപ്പ് വട, പഴംപൊരി, ഉള്ളിവട,നെയ്യപ്പം,ഇലയട,പഫ്സ്, കട്ലറ്റ് (ഇവയിൽ ഏതെങ്കിലും രണ്ടെണ്ണം).

ചായ,കോഫി,കട്ടൻ ചായ,നാരങ്ങാ വെള്ളം, ജ്യൂസ് , ഐസ് ക്രീം , പാക്കറ്റ് ഫുഡ്സ് ഐറ്റംസ് (ബിസ്കറ്റ് ,ചിപ്സ്) (എല്ലാ ദിവസവും)

COLLEGE OF ENGINEERING CAPE ARANMULA

21/4/26

PRINCIPAL
COLLEGE OF ENGINEERING
ARANMULA